നമ്പർ: സി.പി.(4) 24777/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 12-8-2011.
E-mail: keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel. No. 0471-2330726

# 100 ദിന കർമ്മ പരിപാടികൾ-കുടിശ്ശിക നിവാരണ പദ്ധതി "ആശ്വാസ് 2011"

## സർക്കുലർ നമ്പർ 62 /2011

വിഷയം- സഹകരണവകുപ്പ്- സർക്കാരിന്റെ **"100 ദിന കർമ്മ പരിപാടികൾ"**- സഹകരണ സംഘം/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമുള്ള പദ്ധതി- **ആശ്വാസ് 2011**- സർക്കുലർ- കാലയളവ്- ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) സഹകരണ സംഘം രജിസ്ട്രാറുടെ 23-6-2011-ലെ 41/2011- നംപർ സർക്കുലർ.
2) സഹകരണ സംഘം രജിസ്ട്രാറുടെ 25-6-2011-ലെ 43/2011 നംപർ സർക്കുലർ.

സർക്കാരിന്റെ 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ, സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കടബാദ്ധ്യതയിലായ വായ്പക്കാർ/സഹകാരികൾക്ക് ആശ്വാസം നൽകുന്നതിനായി 2011 ജൂലൈ 1 മുതല് ആഗസ്റ്റ് 15 വരെയുള്ള 45 ദിവസത്തേയ്ക്ക് '**ആശ്വാസ്**'എന്ന പേരിൽ ഒരു കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി, മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും മേൽ പദ്ധതി കാലയളവിൽ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകികൊണ്ടും സൂചന (1) (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. വായ്പാ കുടിശ്ശിക ഈടാക്കുന്നതിന് ടി പദ്ധതിയുടെ കാലയളവ് ദീർഘിപ്പിക്കണമെന്ന് സഹകരണ സ്ഥാപനങ്ങളിലെയും സഹകാരികളുടെയും അഭ്യർത്ഥന മാനിച്ച് പ്രസ്തുത പദ്ധതിയുടെ കാലാവധി 16-8-2011 മുതൽ ഒരു മാസത്തേക്ക് കൂടി (16-8-2011 മുതല് 15-9-2011വരെ) ദീർഘിപ്പിച്ചിരിക്കുന്നു. സൂചന സർക്കുലറിലെ വ്യവസ്ഥകൾക്ക് യാതൊരു മാറ്റവുമുണ്ടായിരിക്കുന്നതല്ല.

എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും ഇക്കാര്യം എല്ലാ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)
ഡോ.എസ്. രവീന്ദ്രൻ ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ